പുതുക്കിയ മറുപടി

# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3181** **25/10/2021 ൽ മറുപടിയ്ക്ക്**

## കോഴിക്കോട് ജില്ലയിൽ അധിക പ്ലസ് വൺ സീറ്റുകൾ അനുവദിക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി. കെ.കെ.രമ** | | **വി.ശിവൻകുട്ടി (പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി)** |
| (എ) | കോഴിക്കോട് ജില്ലയിൽ ഈ അധ്യയന വർഷത്തേക്കുള്ള പ്ലസ് വൺ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയുണ്ടായോ; | (എ) | നിലവിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 20% മാർജിനൽ വർദ്ധനവ് വരുത്തിയിട്ടുണ്ട് |
| (ബി) | എങ്കിൽ എത്ര സീറ്റുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; | (ബി) | ബാച്ചടിസ്ഥാനത്തിൽ 10 സീറ്റ് വീതം ജില്ലയിൽ ആകെ 5840 സീറ്റുകൾ വർദ്ധിക്കുകയുണ്ടായി |
| (സി) | സീറ്റുകൾ വർദ്ധിപ്പിച്ചതിനു ശേഷവും കോഴിക്കോട് ജില്ലയിൽ പ്ലസ് വൺ പ്രവേശനത്തിനുള്ള ഫസ്റ്റ് അലോട്ട്മെൻറ് പൂർത്തിയായപ്പോൾ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | നിലവിലെ സാഹചര്യത്തിൽ ഒരു ക്ലാസ്സിൽ അറുപത്തിയഞ്ചും എഴുപതും കുട്ടികൾ ഇരുന്നു പഠിക്കുന്നത് കുട്ടികളുടെ പഠനനിലവാരത്തെ സാരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; | (ഡി) | ഹയർസെക്കണ്ടറി തുടങ്ങിയ വർഷം മുതൽ തന്നെ മാർജിനൽ വർദ്ധനവിലൂടെ സീറ്റുകൾ വർദ്ധിപ്പിച്ച ഒരു ബാച്ചിൽ 60 മുതൽ 65 കുട്ടികൾ വരെ പ്രവേശിപ്പിച്ചിരുന്നു. ക്ലാസ്സിലെ നിലവിലുള്ള കുട്ടികളുടെ എണ്ണം പഠനനിലവാരത്തെ സാരമായി ബാധിക്കുന്നതായി കാണുന്നില്ല. |

(ഇ) എങ്കിൽ കോവിഡ് സാഹചര്യം കൂടി പരിഗണിച്ച് കോഴിക്കോട് ജില്ലയിൽ അധിക പ്ലസ് വൺ ബാച്ചുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

(ഇ) 2021-22 അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ നടന്ന് കൊണ്ടിരിക്കുകയാണ്. മുഖ്യ അലോട്ട്മെന്റ് പ്രവേശനത്തിനു ശേഷം മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33153(മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറ്റി അൻപത്തി മൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള 6438(അറായിരത്തി നാന്നൂറ്റി മുപ്പത്തി എട്ട്) സീറ്റും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8988(എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4461(നാലായിരത്തി നാന്നൂറ്റി അറുപത്തി ഒന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34252(മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട്)സീറ്റുകളും കൂടി ആകെ 87292(എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകളും ലഭ്യമാണ്. ഇതിന് പുറമേ വൊക്കേഷണൽ ഹയർസെക്കന്ററി, പോളിടെക്നിക്, ഐടിഐ മേഖലകളിലായി 83000 സീറ്റുകളും ലഭ്യമാണ്.

മാനേജ്മെന്റ് ക്വാട്ടാ, കമ്മ്യൂണിറ്റി ക്വാട്ടാ അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്ക് തല വിഷയ കോമ്പിനേഷൻ തിരിച്ചുള്ളകണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ